"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. സുമ.വി യുടെ ഐ.വി.എഫ് ചികിത്സയ്ക്ക് മൂവാറ്റുപുഴ സബൈൻ ആശുപത്രിയിൽ ചികിൽസ നടത്തിയ ഇനത്തിൽ നേരിട്ട ചെലവ് പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1255/2026/LSGD തീയതി,തിരുവനന്തപുരം, 06-07-2026

---

പരാമർശം:-
1. 22/04/2013 ലെ G.O.(P) No.144/2013/H&FWD.
2. 10/02/2017 ലെ G.O.(P) No.8/2017/H&FWD.
3. ശ്രീമതി. സുമ.വി യുടെ 12.12.2022 - ലെ അപേക്ഷയും ബില്ലുകളും.
4. ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 16.01.2023 ലെ 23(1)-ാം നമ്പർ തീരുമാനം.
5. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 16.10.2024-ലെ എം.ആർ5-23514/2024/ആ.വ.ഡ നം. കത്ത്.
6. പ്രിൻസിപ്പൽ ഡയറക്ടറുടെ 08-12-2024 – ലെ LSGD/PD/69057/2023-DEG2 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. സുമ.വി യുടെ ഐ.വി.എഫ് ചികിത്സയ്ക്ക് മൂവാറ്റുപുഴ സബൈൻ ആശുപത്രിൽ ചെലവായ തുക പ്രതിപൂരണം ചെയ്തു നൽകുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷ, അനുബന്ധരേഖകൾ സഹിതം പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിരുന്നു.

2). ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരാമർശം (5) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷക ശ്രീമതി. സുമ വി. യ്ക്ക് ഐ.വി.എഫ് ചികിൽസായിനത്തിൽ ചെലവായ തുകയിൽ

3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആനുകൂല്യമായി അനുവദിക്കാവുന്നതാണെന്നും, IVF സംബന്ധമായ ചികിത്സയ്ക്ക് ടിയാളുടെ സേവന കാലയളവിൽ ഇനി റീഇംപേഴ്സ്മെന്റിന് അർഹതയില്ലെന്നും, പ്രസ്തുത തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ടെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ ലക്കിടി പേരൂർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. സുമ.വി യുടെ ഐ.വി.എഫ് ചികിത്സയ്ക്കായി 05.08.2021 മുതൽ 30.11.2022 വരെ മൂവാറ്റുപുഴ സബൈൻ ആശുപത്രിയിൽ നടത്തിയ ചികിത്സയ്ക്ക് ചെലവായ തുകയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയത അറിയിച്ചിട്ടുള്ള 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) നിലവിലെ KGSMA ചട്ടം, 1960 -ലെ വ്യവസ്ഥകൾക്കും, പ്രസ്തുത മെഡിക്കൽ ബില്ലുകളുടെ വാസ്തവികത, അർഹത, കൃത്യത എന്നിവ പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം, സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാകാൻ പാടില്ല എന്ന വ്യവസ്ഥയിലും ടിയാൾ പ്രസ്തുത ചികിത്സയ്ക്ക് IFMA എടുത്തിട്ടില്ലെന്ന് ഉറപ്പുവരുത്തിയും, ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ.കെ അനിൽ ജോയ്

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണം,തിരുവനന്തപുരം (മെഡിക്കൽ ബില്ലുകളും അനുബന്ധ രേഖകളും സഹിതം).

ജോയിന്റ് ഡയറക്ടർ, പാലക്കാട് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

സെക്രട്ടറി, ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല.

ശ്രീമതി. സുമ.വി, ഓഫീസ് അറ്റൻഡന്റ്, ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (No.EPA3/663/2024-LSGD).

ഉത്തരവിൻ പ്രകാരം

Signed by
Noushad. S
സെക്ഷൻ ഓഫീസർ
Date: 06-07-2026 15:53:16